## <u>കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം</u>

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/230/1998 തീയതി:03-07-2018

വിഷയം:-വ്യവസായം- അടിസ്ഥാന സൗകര്യ വികസനം - ഡി.പി പൂവൻതുരുത്ത് - മെ. റ്റി.റ്റി ആട്ടോവർക്ക്സ് സ്ഥലം അനുവദിച്ചത് - മെ. ഗ്രേസ് റിക്ലമേഷൻസ് - എന്ന പേരിൽ കൈമാറി - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സ.ഉ (MS) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സ.ഉ (MS) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സ.ഉ (MS) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) സർക്കാർ കത്ത് നമ്പർ എഫ്1/22841/2013/വ്യവ തീയതി 21-12-2013.
6) ഈ ഓഫീസിലെ 26-02-2001 ലെ ബി1/230/98 നമ്പർ ഉത്തരവ്.
7) ശ്രീ. റ്റി.റ്റി ലാലു, തുണ്ടത്തിൽ, പൂവൻതുരുത്ത്, ശ്രീ.സാക്സൻ സാബു, പടിഞ്ഞാറേക്കളം, ചിങ്ങവനം എന്നിവർ സമർപ്പിച്ച അപേക്ഷകൾ.
8) 21-05-2016 ലെ DLPAC യോഗത്തിന്റെ നടപടിക്രമം.
9) ഈ ആഫീസിലെ 05-08-2017 ലെ ഇതേ നമ്പർ കത്ത്.
10) സർക്കാർ ഉത്തരവ് നമ്പർ ( ആർ.റ്റി) 732/2017/ഐ.ഡി തീയതി 24-05-2017.
11) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/2013-ാം നമ്പർ സർക്കുലർ.
12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 21-05-18 ലെ ഐ.ഡി2/17166/2017 നമ്പർ കത്ത്.

ഈ ആഫീസിലെ മേൽ സൂചന (6) - ൽ പരാമർശിക്കുന്ന ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ വ്യവസായ് വികസന പ്ലോട്ടിലെ സർവ്വേ നമ്പർ 469/18 ൽ ഉൾപെട്ട 5.80 സെന്റ് സ്ഥലം ശ്രീ. റ്റി.റ്റി ലാലു, തുണ്ടത്തിൽ, പൂവൻതുരുത്ത് പി.ഒ എന്ന സംരംഭകന് ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം മെ. റ്റീ.റ്റീ ഓട്ടോ വർക്ക്സ് എന്ന പേരിൽ ഗേറ്റ്/ഗ്രിൽസ് എന്നിവയുടെ നിർമ്മാണത്തിനായി അനുവദിച്ചു നൽകുകയും, ടിയാൻ 16-03-2001 ൽ സർക്കാരുമായി എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു.

സ്ഥാപനം പ്രവർത്തിച്ചുവരവേ, ടി സ്ഥലവും സ്ഥാപനവും, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം, ശ്രീ സാക്സൺ സാബു, പടിഞ്ഞാറെക്കളം ചിങ്ങവനം എന്ന സംരംഭകന് കൈമാറി നൽകുന്നതിനായി ഈ ആഫീസിലെ 08-02-2013 ലെ ബി4/230/98 നമ്പർ കത്തു വഴി വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്തുവെങ്കിലും, വ്യവസായ വാണിജ്യ ഡയറക്ടറുടെ 18-10-2014 ലെ ഐഡി2/21844/12 നമ്പർ കത്തുവഴി അപേക്ഷയും ബന്ധപ്പെട്ട രേഖകളും, ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ചെക്കു ലിസ്റ്റു പ്രകാരം ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി.

തുടർന്ന് ചെക്കു ലിസ്റ്റു പ്രകാരം ആവശ്യമായ രേഖകൾ, അഫിഡാവിറ്റ്, എം.ഒ.യു, അണ്ടർടേക്കിംഗ് എന്നിവ പ്രകാരം വീണ്ടും സമർപ്പിക്കുകയുണ്ടായി. മെ. റ്റി.റ്റി ആട്ടോവർക്ക്സ് എന്ന സ്ഥാപനത്തിന്റെ പേരിൽ സർക്കാരിലോ/ ധനകാര്യ സ്ഥാപനങ്ങളിലോ ബാദ്ധ്യതകൾ നിലവിലില്ലാത്തതുമാണ്. ഇപ്രകാരമുള്ള അഫിഡാവിറ്റ് ശ്രീ.റ്റി.റ്റി ലാലു സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റവന്യു റിക്കവറി നടപടികൾ നിലവിലില്ലായെന്ന റവന്യു അധികാരികളുടെ സർട്ടിഫിക്കറ്റും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലവും സ്ഥാപനവും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവും എറ്റെടുത്തു മെ. ഗ്രയിസ് റിക്ലമേഷൻസ് എന്ന പേരിൽ വ്യവസായ സംരംഭം നടത്തുന്നതിന് സന്നദ്ധമാണെന്ന് സ്രീ സാക്സൺ സാബുവും അണ്ടർടേക്കിംഗ് , MOU എന്നിവ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അപേക്ഷയും അനുബന്ധ രേഖകളും സൂചന (8) ൽ പരാമർശിക്കുന്ന DLPAC യോഗം ചർച്ച ചെയ്യുകയും , ടി സ്ഥലവും സ്ഥാപനവും, ശ്രീ.സാക്സൺ സാബു, പടിഞ്ഞാറെക്കളം, ചിങ്ങവനം എന്ന സംരംഭകന് കൈമാറി നൽകുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറോട് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

സൂചന (11) ൽ പരാമർശിക്കുന്ന സർക്കുലർ പ്രകാരം ഡി.എ/ഡി.പികളിലെ അസൈൻമെന്റ് ലഭിച്ചിട്ടില്ലാത്ത സംരംഭങ്ങളുടെ പേരിലുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. മേൽ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം, ഈ ആഫീസിൽ നിന്നും ശുപാർശ ചെയ്ത ടി അപേക്ഷയും അനുബന്ധ രേഖകളും സൂചന (11) ൽ പരാമർശിക്കുന്ന സർക്കുലറിലെ നിബന്ധനകൾ പ്രകാരം ഉത്തരവാകുന്നതിന്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും സൂചന (12) പ്രകാരം മടക്കി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

മെ. റ്റി.റ്റി ആട്ടോ വർക്സ് എന്ന സ്ഥാപനത്തിന്റെ പേരിൽ അനുവദിച്ചിട്ടുള്ള ടി 5.8 സെന്റ് സ്ഥലത്തിന്റെ വില മുഴുവനും 01-04-2018 ലെ നിരക്കുപ്രകാരം സർക്കാരിലേക്ക് അടച്ചിട്ടുണ്ട്. കൂടാതെ പ്രോസസിംഗ് ഫീസായി സ്ഥലവിലയുടെ 10 % തുകയായ 12205/- രൂപ ( പന്തീരായിരത്തി ഇരുനൂറ്റി അഞ്ച് രൂപ മാത്രം) യും അടച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. റ്റി.റ്റി ലാലു, തുണ്ടത്തിൽ പൂവൻതുരുത്ത് എന്ന സംരംഭകന്റെ പേരിൽ ഡിപി പൂവൻതുരുത്തിൽ അനുവദിച്ച 5.8 സെന്റ് സ്ഥലം, ശ്രീ.സാക്സൺ സാബു, പടിഞ്ഞാറെക്കളം, ചിങ്ങവനം എന്ന സംരംഭകന്റെ പേർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 469/18 ൽ ഉൾപെട്ടതും ശ്രീ. റ്റി.റ്റി ലാലു, തുണ്ടത്തിൽ, പൂവൻതുരുത്ത് പി.ഒ എന്ന സംരംഭകന് ഗയിറ്റ്, ഗ്രിൽസ് എന്നിവയുടെ നിർമ്മാണത്തിനായി മെ.റ്റി.റ്റി ആട്ടോ വർക്ക്സ് എന്ന സ്ഥാപനത്തിന്റെ പേരിൽ സൂചന (6) ലെ ഉത്തരവ് പ്രകാരം അനുവദിച്ച 5.8 സെന്റ് സ്ഥലവും, സ്ഥാപനവും ശ്രീ. സാക്സൺ സാബു, പടിഞ്ഞാറെക്കളം,

ചിങ്ങവനം പി.ഒ എന്ന സംരംഭകന്റെ പേരിലേക്ക് മെ. ഗ്രയിസ് റിക്ലമേഷൻസ് എന്ന പേരിൽ ക്രംമ്പ് റബ്ബർ/റബ്ബർ മാറ്റ് മുതലായവയുടെ നിർമ്മാണത്തിനായി താഴെ പറയുന്ന വ്യവസ്ഥകളോടും സൂചനയിൽ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരവും കൈമാറി ഉത്തരവാകുന്നു.

1) ശ്രീ. സാക്സൺ സാബു സുചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ഈ ഓഫീസുമായി ബന്ധപ്പെട്ട് ഹയർ പർച്ചേസ് ഉടമ്പടി ഒപ്പിട്ടു സമർപ്പിക്കേണ്ടതാണ്.
2) ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സ്ഥാപനം പ്രവർത്തനം ആരംഭിക്കേണ്ടതും പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
3) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സർട്ടിഫിക്കറ്റുകൾ എൻ.ഒ.സി കൾ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും, പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.
4) ഉത്തരവ് തീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ കൈമാറ്റം/ ആക്ടിവിറ്റി മാറ്റം/മാനേജ്മെന്റ് മാറ്റം എന്നിവയ്ക്കായി അപേക്ഷിക്കുന്നതല്ലയെന്ന സത്യവാങ്മൂലം ശ്രീ.സാക്സൺ സാബു സമർപ്പിക്കേണ്ടതാണ്.
5) എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. തുടർന്ന് ആവശ്യമായ ഭേദഗതികൾ ലാന്റ് അലോട്ട്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണ്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. റ്റി.റ്റി ലാലു, തുണ്ടത്തിൽ, പൂവൻതുരുത്ത്.
2) ശ്രീ.സാക്സൺ സാബു, പടിഞ്ഞാറെക്കളം, ചിങ്ങവനം

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ,
   തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ, കോട്ടയം
7) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 30-06-18